**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **29-09-2025 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം മാസങ്ങളായി തടസ്സപ്പെടുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിയമിച്ച എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും കാലതാമസം കൂടാതെ വേതനം നൽകി വരുന്നുണ്ട്. |
| (ബി) | അലോട്ട്മെന്റ് ഇല്ലെങ്കിൽ ഗസ്റ്റ് അദ്ധ്യാപകരുടെ വേതന ബിൽ അനുസരിച്ച് ശമ്പളം നൽകേണ്ടതില്ലെന്ന് ട്രഷറി ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിർദേശം നൽകിയിട്ടില്ല. |
| (സി) | അതത് മാസങ്ങളിൽ തന്നെ ഇവരുടെ വേതനം കൃത്യമായി നൽകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതന പ്രൊപ്പോസലുകൾ തടസ്സം കൂടാതെ പാസ്സാക്കി നൽകുന്നുണ്ട്.<br><br>കേരളത്തിലെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിയമനം ലഭിക്കുന്ന അതിഥി അദ്ധ്യാപകരുടെ വേതന വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച് ചേർത്ത യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് 03-11-2024 തീയതിയിലെ D4/8563/2024/DCE നമ്പർ സർക്കുലർ പ്രകാരം സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അതിഥി അധ്യാപകർക്ക് നിയമന ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം നിയമനാംഗീകാര പ്രൊപ്പോസൽ കോളേജ് പ്രിൻസിപ്പാൾ ബന്ധപ്പെട്ട മേഖല ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതും ന്യൂനതകൾ ഒന്നും ഇല്ലായെങ്കിൽ ഡെപ്യൂട്ടി ഡയറക്ടർ നിയമന അംഗീകാരം നൽകി 15 ദിവസത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പാൾമാർ ശമ്പള ബില്ലുകൾ തയ്യാറാക്കി ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ സമർപ്പിക്കുകയും ചെയ്യുന്ന രീതി തുടരുന്നതിനാൽ നിലവിൽ അതിഥി അദ്ധ്യാപക വേതനവിതരണത്തിൽ അകാരണമായി മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നില്ല. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിലെ നടപടിക്രമങ്ങൾ കോളേജ് അധികൃതർ കൃത്യമായി പാലിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ